REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-08-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ബഹിരാകാശ പര്യവേക്ഷണം മനുഷ്യന്റെ കഴിവുകൾ വർദ്ധിപ്പിച്ച് ഭാവനയെ യാഥാർത്ഥ്യമാക്കി മാറ്റിയെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. പ്രഥമ ദേശീയ ബഹിരാകാശ ദിനഘോഷം രാഷ്ട്രപതി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു.
- പോളണ്ട് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉക്രെയ്നിലെ കീവിലെത്തി.
- പോലീസിന്റെ മാനവിക മുഖവും കാര്യക്ഷമതയും വർധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.
- പിണറായി എജുക്കേഷൻ ഹബിന്റെ നിർമ്മാണം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.
- കൈറ്റ് തയ്യാറാക്കിയ പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റം മന്ത്രി വി ശിവൻകുട്ടി പുറത്തിറക്കി.
- മുണ്ടക്കൈ ദുരന്ത പുനരധിവാസവും അനുബന്ധ പ്രശ്നങ്ങളും ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വയനാട് മുട്ടിൽ WMO കോളജിൽ യോഗം പുരോഗമിക്കുന്നു.

## വാർത്തകൾ വിശദമായി

ബഹിരാകാശ മേഖലയ്ക്ക് മാത്രമല്ല, രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിനും ISRO സുപ്രധാന

സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. പ്രഥമ ദേശീയ ബഹിരാകാശ ദിനഘോഷം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ബഹിരാകാശ പര്യവേക്ഷണം മനുഷ്യന്റെ കഴിവുകൾ വർദ്ധിപ്പിച്ച് ഭാവനയെ യാഥാർത്ഥ്യമാക്കി മാറ്റിയെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. "ചന്ദ്രനെ തൊടുമ്പോൾ ജീവിതങ്ങളെ സ്പർശിക്കുന്നു:- ഇന്ത്യയുടെ ബഹിരാകാശ വിജയഗാഥ, എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

കഴിഞ്ഞ വർഷം ഓഗസ്റ്റ് 23-ന് ചന്ദ്രയാൻ-3 ദൗത്യത്തിന്റെ ഭാഗമായി, ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ 'വിക്രം ലാൻഡർ' ഇന്ത്യ വിജയകരമായി ഇറക്കിയതിന്റെ സ്മരണാർത്ഥമാണ് ഈ വർഷം മുതൽ ഓഗസ്റ്റ് 23 ദേശീയബഹിരാകാശ ദിനമായി ആഘോഷിക്കുന്നത്.

ദിനത്തോടനുബന്ധിച്ച്, റോബോട്ടിക്സ് ചലഞ്ചിലും ഭാരതീയ അന്തരിക്ഷ് ഹാക്കത്തണിലും വിജയിച്ചവരെ ചടങ്ങിൽ ആദരിച്ചു. രാജ്യമെമ്പാടും വിപുലമായ ദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

പ്രഥമ ദേശീയ ബഹിരാകാശ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങൾക്ക് ആശംസ നേർന്നു. ബഹിരാകാശ മേഖലയിൽ ഇന്ത്യയുടെ ബഹിരാകാശ ശാസ്ത്രജ്ഞരുടെ സംഭാവനകളും, നേട്ടങ്ങളും അഭിമാനം നൽകുന്നതാണ്. ഈ മേഖലയുമായി ബന്ധപ്പെട്ട് ഭാവിയിലേക്ക് പല തീരുമാനങ്ങളും

കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടെന്നും, പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

✪✪✪

പോളണ്ട് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉക്രെയ്നിലെ കീവിലെത്തി. പ്രസിഡണ്ട് വൊളോഡിമർ സെലൻസ്കിയുടെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദി ഉക്രെയ്ൻ സന്ദർശിക്കുന്നത്.

പോളണ്ടിൽ നിന്ന് യാത്ര തിരിക്കും മുൻപ് പുറപ്പെടുവിച്ച പ്രസ്താവനയിൽ, ഉക്രെയ്ൻ സംഘർഷത്തിന് സമാധാനപരമായ പരിഹാരം ഉണ്ടാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ഉക്രെയ്നിന്റെ സുഹൃത്തും പങ്കാളിയുമെന്ന നിലയിൽ മേഖലയിൽ സമാധാനവും സ്ഥിരതയും എത്രയും വേഗം ഉണ്ടാവണമെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ഇന്ത്യയും US ഉം സ്വാഭാവിക സഖ്യകക്ഷികളും ശക്തരായ പങ്കാളികളുമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. നാല് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന്റെ ആദ്യ ദിവസം വാഷിംഗ്ടണിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ഇന്ത്യൻ സമൂഹം അവരുടെ സാംസ്കാരിക മൂല്യങ്ങളെ വിലമതിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നത് ഹൃദയസ്പർശിയാണെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.

✪✪✪

ഈ വർഷത്തെ അമേരിക്കൻ ഡെമോക്രാറ്റിക് പാർട്ടിയുടെ പ്രസിഡന്റ് സ്ഥാനാർത്ഥിത്വം വൈസ് പ്രസിഡന്റ് കമല ഹാരിസ് ഔദ്യോഗികമായി അംഗീകരിച്ചു. ചിക്കാഗോ യുണൈറ്റഡ് സെന്ററിൽ നടന്ന സമ്മേളനത്തിലാണ് ` ഹാരിസ് ഇക്കാര്യം സ്ഥിരീകരിച്ചത്.

അമേരിക്കക്കാരെ ഒന്നിപ്പിക്കുന്നതും അവരുടെ ഭാവിക്കുവേണ്ടി പോരാടുന്നതുമായ പ്രസിഡന്റായിരിക്കുമെന്ന് കമല ഹാരിസ് പറഞ്ഞു. നിലവിലെ അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ മത്സരത്തിൽ നിന്ന് പിന്മാറിയതിനെ തുടർന്നാണ് ഇന്ത്യൻ വംശജയായ ഹാരിസ് ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയായത്. വിജയിച്ചാൽ ഹാരിസ് അമേരിക്കയുടെ ആദ്യ വനിതാ പ്രസിഡന്റാകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിന്റെ 113-ാം എപ്പിസോഡ് ഞായറാഴ്ച ആകാശവാണിയിലും ദൂരദർശനിലും കേൾക്കാം. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലയിലും AIR ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ എയർ മൊബൈൽ ആപ്പിലും പരിപാടി ലഭ്യമാണ്.

പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും നമോ ആപ്പ്, MyGov പ്ലാറ്റ് ഫോം, ടോൾ ഫ്രീ നമ്പർ എന്നിവയിലൂടെ ഇന്നു കൂടി അറിയിക്കാം.

✪✪✪

പോലീസിന്റെ മാനവിക മുഖവും കാര്യക്ഷമതയും വർധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ദുരന്തമുഖത്തും അന്വേഷണ രംഗത്തും ഇത് ദൃശ്യമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. കണ്ണൂർ മാങ്ങാട്ടുപറമ്പ് K.A.P. നാലാം ബറ്റാലിയനിൽ നടന്ന പാസിംഗ് പരേഡിൽ അഭിവാദ്യം സ്വീകരിച്ചതിനുശേഷം സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കേരള ആംഡ് പോലീസ് രണ്ടാം ബറ്റാലിയനിൽ നിന്ന് 152 പേരും നാലാം ബറ്റാലിയനിൽ നിന്ന് 162 പേരും ഉൾപ്പെടെ 314 സേനാംഗങ്ങളാണ് കേരള പോലീസിന്റെ ഭാഗമായത്.

✪✪✪

കണ്ണൂർ ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ, 285 കോടി രൂപ ചിലവിൽ സ്ഥാപിക്കുന്ന പിണറായി എജുക്കേഷൻ ഹബിന്റെ നിർമ്മാണം മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ മന്ത്രിമാരായ ഡോ. R ബിന്ദു, P.A മുഹമ്മദ് റിയാസ് തുടങ്ങിയവർ പങ്കെടുത്തു.

പോളിടെക്നിക് കോളേജ്, IHRD കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ITI, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സിവിൽ സർവ്വീസ് അക്കാഡമി എന്നിവ ഈ വിദ്യാഭ്യാസ സമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ വിജ്ഞാനാധിഷ്ഠിത ഹൈടെക് വ്യവസായങ്ങളുടെ കേന്ദ്രമാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി P. രാജീവ് പറഞ്ഞു. ഇതിനായി

വിജ്ഞാനാധിഷ്ഠിത സമൂഹവും, സമ്പദ് വ്യവസ്ഥയും തയ്യാറാക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കൊച്ചിയിൽ KSIDC-യുടെ റോബോട്ടിക്സ് റൗണ്ട് ടേബിൾ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സാങ്കേതിക വിദ്യയിലെ മുന്നേറ്റങ്ങൾക്ക് അനുസൃതമായി ഉന്നത വിദ്യാഭ്യാസ മേഖലയെ മാറ്റിയെടുക്കാനാണ് ഗവൺമെൻറ് ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിലെ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങളുടെ രണ്ട് ദിവസത്തെ സംസ്ഥാനതല ക്യാമ്പ് ഇന്ന് കൊച്ചി ഇടപ്പള്ളിയിൽ ആരംഭിച്ചു. മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. ജില്ലാ ക്യാമ്പുകളിൽ നിന്ന് തെരഞ്ഞെടുത്ത 130 കുട്ടികളാണ് യൂണിസെഫിന്റെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്ന സംസ്ഥാന തല ക്യാമ്പിൽ പങ്കെടുക്കുന്നത്. കൈറ്റ് തയ്യാറാക്കിയ 'കൈറ്റ് GNU ലിനക്സ് 22.04' എന്ന പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റം സ്യൂട്ടിന്റെ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു.

✪✪✪

മുണ്ടക്കൈ ദുരന്ത പുനരധിവാസവും അനുബന്ധ പ്രശ്നങ്ങളും ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വയനാട് മുട്ടിൽ WMO കോളജിൽ യോഗം പുരോഗമിക്കുന്നു. ദുരന്തം നേരിട്ട് ബാധിച്ചവരും ജില്ലാ കലക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, MLA-മാർ,

സർവ്വകക്ഷി നേതാക്കൾ, സാമുദായിക സംഘടനാ നേതാക്കൾ തുടങ്ങിയവരും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

ഇന്ന് 19 കുടുംബങ്ങളെക്കൂടി താൽക്കാലികമായി പുനരധിവസിപ്പിക്കും. മുണ്ടേരിയിലെ നാല് ഗവണ്മെന്റ് ക്വാർട്ടേഴ്സുകളും, ഒരു ഷെൽട്ടർ ഹോമും രണ്ട് ദിവസത്തിനകം താൽക്കാലിക പുനരധിവാസത്തിനായി സജ്ജമാക്കും.

✪✪✪

ചലച്ചിത്ര മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ കാണിക്കുന്ന ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ ഇനി തീരുമാനം എടുക്കേണ്ടത് ഹൈക്കോടതിയാണെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഗവണ്മെന്റ് വിഷയത്തിൽ പ്രതികരിച്ചതാണെന്നും കൂടുതൽ അഭിപ്രായങ്ങൾ പറയാനില്ലെന്നും മന്ത്രി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ഹേമ കമ്മിറ്റി റിപ്പോർട്ടിന്മേൽ സ്വമേധയാ FIR രജിസ്റ്റർ ചെയ്ത് കേസ് എടുക്കാനാകില്ലെന്ന് മുൻ മന്ത്രി A.K ബാലൻ ആവർത്തിച്ചു. സംഭവത്തിൽ അന്വേഷണം നടത്തിയതിന് ശേഷം മാത്രമേ നിയമനടപടി സാധ്യമാകൂ എന്നും ഹൈക്കോടതി അടുത്ത മാസം പത്തിന് കേസ് പരിഗണിക്കുമ്പോൾ ഇക്കാര്യത്തിൽ വ്യക്തത വരുമെന്നും ബാലൻ തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

സമഗ്ര വനിതാ നയം സിനിമാ മേഖലയിലുണ്ടാകുമെന്നാണ് പ്രതീക്ഷയെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ P. സതീദേവി കോഴിക്കോട്ട് പറഞ്ഞു. സംസ്ഥാന വനിത കമ്മിഷന്റെ 'തൊഴിലിടത്തിലെ സ്ത്രീ' സംസ്ഥാനതല സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. തൊഴിൽ ഇടത്തിൽ സ്ത്രീവിരുദ്ധത കൂടുകയാണെന്ന് അവർ വിലയിരുത്തി. സിനിമയ്ക്ക് സമൂഹത്തിൽ നിർണായക സ്വാധീനമുണ്ട്. സിനിമാരംഗത്തെ സഹോദരിമാർ ആക്രമിക്കപ്പെടുന്നതിന് അറുതി വേണമെന്ന് ആവശ്യപ്പെട്ടപ്പോഴാണ് ഹേമ കമ്മീഷൻ രൂപീകരിച്ചതെന്ന് അവർ പറഞ്ഞു.

✪✪✪

ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ടിന്റെയും പരാതികളുടെയും അടിസ്ഥാനത്തിൽ മലയാള സിനിമാ വ്യവസായ മേഖലയിൽ വ്യാപക മനുഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നുണ്ടെന്നും അവ പരിശോധിക്കണമെന്നും മനുഷ്യാവകാശ കമ്മീഷൻ ജൂഡീഷ്യൽ അംഗം K. ബൈജുനാഥ് ഉത്തരവിട്ടു.

ചീഫ് സെക്രട്ടറിയും സംസ്ഥാന പോലീസ് മേധാവിയും, കമ്മിറ്റി റിപ്പോർട്ടും പരാതിയും വിശദമായി വിലയിരുത്തി, സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ കുറിച്ച് രണ്ടാഴ്ചക്കകം വിശദീകരണം സമർപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സെപ്റ്റംബറിൽ കണ്ണൂർ ഗസ്റ്റ് ഹൗസിലെ സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

✪✪✪

ഷൂട്ടിംഗ് ലൊക്കേഷനിലെ അപകടത്തിൽ ശരിയായ ചികിത്സ ലഭിച്ചില്ലെന്നും, അഞ്ച് കോടി രൂപ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ട് നടി ശീതൾ തമ്പി ചിത്രത്തിന്റെ നിർമ്മാതാവായ മഞ്ജുവാര്യർക്കും നിർമ്മാണ കമ്പനി പാർട്ണർ ബിനീഷ് ചന്ദ്രനും വക്കീൽ നോട്ടീസ് അയച്ചു. ഫൂട്ടേജ് എന്ന സിനിമയിൽ അഭിനയിക്കുന്നതിനിടെയാണ് നടിക്ക് പരിക്കേറ്റത്.

✪✪✪

രക്തക്കുഴലുകളുടെ വീക്കം പരിഹരിക്കുന്നതിന് നൂതന ഹൃദയ ശസ്ത്രക്രിയാ മാർഗങ്ങൾ കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോതൊറാസിക് ആന്റ് വാസ്കുലാർ സർജറി വിഭാഗം വികസിപ്പിച്ചു. സംവിധാനം തയ്യാറാക്കിയ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടും, ഹൃദയ ശസ്ത്രക്രിയാ വിദഗ്ധനുമായ ഡോ. T.K ജയകുമാറിനെയും സംഘത്തെയും അഭിനന്ദിക്കുന്നുവെന്ന് മന്ത്രി വീണാ ജോർജ് സമൂഹമാധ്യമത്തിൽ കുറിച്ചു.

✪✪✪

അടുത്ത വർഷത്തെ ഇംഗ്ലണ്ട് പര്യടനത്തിൽ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ മത്സരങ്ങൾ പ്രഖ്യാപിച്ചു. രോഹിത് ശർമ്മ നയിക്കുന്ന ടീം, ജൂണിൽ അഞ്ച് മത്സരങ്ങളുടെ ടെസ്റ്റ് പരമ്പര കളിക്കും. ലീഡ്സ്, ബർമിംഗ്ഹാം, ലണ്ടൻ, മാഞ്ചസ്റ്റർ എന്നിവിടങ്ങളിലാണ് മത്സരങ്ങൾ.

ഇന്ത്യൻ വനിതാ ടീം മത്സരങ്ങളും പ്രഖ്യാപിച്ചു. ഹർമൻപ്രീത് കൗറിന്റെ നേതൃത്വത്തിൽ ജൂൺ മുതൽ ജൂലൈ വരെ അഞ്ച് ട്വന്റി -20യും 3 ഏകദിനങ്ങളും ഉണ്ടായിരിക്കും.

✪✪✪

നേപ്പാളിൽ സാഫ് അണ്ടർ- 20 ചാമ്പ്യൻഷിപ്പിന്റെ അവസാന ഗ്രൂപ്പ് ബി മത്സരത്തിൽ ഇന്ത്യ ഇന്ന് മാലദ്വീപിനെ നേരിടും. ഉച്ചയ്ക്ക് കാഠ്മണ്ഡുവിലെ ANFA കോംപ്ലക്സിൽ ആണ് മത്സരം.

✪✪✪

ഡ്യൂറാൻഡ് കപ്പ് അവസാന ക്വാർട്ടർ ഫൈനലിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ബെംഗളൂർ FC യെ നേരിടും. കൊൽക്കത്തെയിലെ സോൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം.

വൈകീട്ട് നാലിന് ജംഷെഡ്പൂരിൽ മൂന്നാം ക്വാർട്ടർ ഫൈനലിൽ മോഹൻ ബഗാൻ സൂപ്പർ ജയൻറ്സ് , പഞ്ചാബ് FC യെ നേരിടും.

✪✪✪

2022-ലെ സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ മത്സരം കാണാൻ ടിക്കറ്റ് എടുത്തിട്ടും മലപ്പുറം പയ്യനാട് സ്റ്റേഡിയത്തിലേക്ക് പ്രവേശനം ലഭിക്കാത്തവർക്ക് നഷ്ടപരിഹാരം നൽകാൻ ജില്ലാ ഉപഭോക്തൃ ഫോറം വിധിച്ചു. മുപ്പത് ദിവസത്തിനകം ടിക്കറ്റ് തുക തിരിച്ച് നൽകാനും 10,000 രൂപ നഷ്ടപരിഹാരം നൽകാനുമാണ് മലപ്പുറം ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവിട്ടത്. വീഴ്ച

**വരുത്തിയാൽ ഒമ്പത് ശതമാനം പലിശ ഈടാക്കാമെന്നും ഉത്തരവിൽ പറയുന്നു.**

✪✪✪

**സ്വർണ്ണ വില കുറഞ്ഞു. പവന് 160 രൂപ കുറഞ്ഞ് 53,280 രൂപയായി. ഗ്രാമിന് 6,660 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.**

✪✪✪

**സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ അടുത്ത മൂന്ന് ദിവസം മഴ തുടർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെ കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.**

**ഇന്ന് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.**

✪✪✪